കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് ആലപ്പുഴ

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി9-1016/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ,

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 28.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ,2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി9-1016/17 തീയതി. 28.07.2017

# ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 20.05.2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2017 മുതൽ 15.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേഷ്. എസ്, ഓഡിറ്റ് ഓഫീസർ. |
| | ശ്രീ. പ്രവീൺ ഷേണായി. ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റോയ്. ടി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷിൽജ സലിം | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. പി. എം. ഷാജി | 01.04.2016 മുതൽ 01.09.2016FN വരെ |
| | ശ്രീ. കെ. വി. സതീശൻ | 01.09.2016AN മുതൽ 25.09.2016FN വരെ |
| | ശ്രീ. പി. സാബു | 25.09.2016AN മുതൽ 31.03.2017 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഫിഷറീസ് ഇൻസ്പെക്ടർ | പൊന്നമ്മ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ, തിരുനെല്ലൂർ. | സൽമോൻ. | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ, ഒറ്റപ്പന | താരാദേവി. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ്,<br>എൽ. പി. സ്കൂൾ,തിരുനെല്ലൂർ | എൻ. സി. മിനി. | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ. | ഡോ. നമിതാ നായിക് | 1.4.2016 മുതൽ 30.10.2016 FN വരെ |
| | ഡോ. കൃഷ്ണകുമാർ | 30.10.2016 AN മുതൽ 11.2.2017 വരെ |
| | ഡോ. പി. ഡി. കോശി | 12.2.2017 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | രശ്മി മാനുവൽ | 1.4.2016 മുതൽ 17.9.2016 FN വരെ |
| | ഗീത. എസ് | 17.9.2016AN മുതൽ 7.10.2016വരെ |
| | സൗമ്യ. എസ്. | 8.10.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ഡി. സദാശിവൻ. | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോ. ജാസ്മിൻ | 1.4.2016 മുതൽ 1.7.2016 FN വരെ |
| | ഡോ. ലക്ഷ്മി മോഹൻ | 1.7.2016AN മുതൽ 20.10.2016FN വരെ |
| | ഡോ. അഞ്ജു എം.എസ് | 20.10.2016AN മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം | ഡോ. മനു മോഹൻ. | 1.4.2016 മുതൽ 11.10.2016FN വരെ |
| | ഡോ. ഷൈ | 11.10.2016 AN മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. വി. സതീശൻ | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | എലിസബത്ത്.സി.എക്സ്. | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | പ്രമീള. എം | 1.4.2016 മുതൽ 31.3.2017 വരെ |

***<u>ഉള്ളടക്കം</u>***

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |

| | | |
|---|---|---|
| 1 | 1-1 | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 3 | 2-2. | തനത് വരുമാനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നില്ല. |
| 4 | 2-3 | വൈക്കം -തവണക്കടവ് ജംഗാർ സർവ്വീസ് - ലഭിക്കാനുള്ള കിസ്റ്റ് കുടിശ്ശിക, ഡിമാന്റിൽ ഉൾപ്പെടുത്തിയില്ല. |
| 5 | 2-4. | ഡി & ഓ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത- സംബന്ധിച്ച് |
| ഭാഗം – 3 | | |
| 6 | 3-1. | ഉദ്ഘാടനം കഴിഞ്ഞിട്ടും പകൽ വീട് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല. |
| 7 | 3-2 | നാളികേര കൃഷി --- അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി. |
| 8 | 3-3 | കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് പ്രതിമാസവേതനം പരിധി ലംഘിച്ച് നൽകി. അധികം നൽകിയത് -15000/- |
| 9 | 3-4 | ലാറ്ററൈറ്റ് സ്റ്റോൺ ഉപയോഗിച്ച് ഫൗണ്ടേഷൻ/ബേസ്മെന്റ് നിർമ്മിക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു - നഷ്ടം 60439/- |
| 10 | 3-5 | സോളിഡ് കോൺക്രീറ്റ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു - നഷ്ടം 17772/- |
| 11 | 3-6 | സ്കാരിഫൈ ചെയ്തപ്പോൾ ലഭ്യമാകുന്ന മെറ്റിൽ ഉപയോഗിച്ചില്ല – അധികച്ചെലവ് 22883/- |
| 12 | 3-7 | തെരുവു വിളക്കുകൾ - ഓർഡിനറി ബൾബുകൾക്കുള്ള തുക ഈടാക്കുന്നു. |
| 13 | 3-8 | ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് (പ്രോജക്ട് നം- 234/17)-അധിക പലിശ ബാധ്യത |
| 14 | 3-9 | SC, ST വിഭാഗക്കാർക്ക് കുടിവെള്ള ടാങ്ക് -പ്ലാൻ ഫണ്ട് അധികമായി ചെലവഴിച്ചു. |
| 15 | 3-10 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ --- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചില്ല. |
| 16 | 3-11 | തനത് ഫണ്ട് വിനിയോഗിച്ചുള്ള വയറിംഗ് വേലകൾ -- നികുതികൾ സർക്കാരിലേയ്ക്ക് ഒടുക്കിയില്ല. |
| 17 | 3-12 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി --- ആദായനികുതി ഈടാക്കിയില്ല. |
| 18 | 3-13 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ |
| 19 | 3-14 | പാലിയേറ്റീവ് കെയർ (Project no-69/17)- അപാകങ്ങൾ |
| 20 | 3-15 | മരുന്നു വാങ്ങൽ -ബാലൻസ് മരുന്നുകൾ ലഭിച്ചിട്ടില്ല |
| 21 | 3-16 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ –മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. |
| 22 | 3-17 | തൊഴിൽ രഹിതവേതനം 35വയസ്സ് കഴിഞ്ഞും നൽകി |
| 23 | 3-18 | വെറ്റില കൃഷി -- മാനദണ്ഡങ്ങൾ പാലിക്കാതെ വളം വിതരണംനടത്തി. |
| 24 | 3-19 | വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ് നിർമ്മാണം – ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |

| | | |
|---|---|---|
| 25 | 3-20 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ --- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. |
| 26 | 3-21 | IAY & PMAY വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| ഭാഗം – 4 | | |
| 27 | 4-1 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 28 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 8.3.2016ലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. തൻവർഷത്തെ ബജറ്റും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. മുൻവർഷ വരവ് ചെലവുകളെ ശരിയായ രീതിയിൽ അപഗ്രഥിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 117943857 | 117228800 |
| അക്കൗണ്ട്സ് പ്രകാരം | 58423342 | 53207011 |
| വ്യത്യാസം | 59520515 | 64021789 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.06.2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 10.07.2017 | അനുബന്ധമായി |

| | | |
|---|---|---|
| | | ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 6873659 | 58423342 | 65297001 | 53207011 | 12089990 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14979843 | 12942357 | 86.40% |
| വികസനഫണ്ട് എസ്.സി.പി. | 5725479 | 5387256 | 94.09% |
| വികസനഫണ്ട് ടി.എസ്.പി. | 215148 | 181300 | 84.27% |
| സംരക്ഷണഗ്രാന്റ് റോഡ് | 2872998 | 1464466 | 50.97% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3991803 | 2548175 | 63.84% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8401126 | 4358764 | 51.88% |
| പെർഫോമൻസ് ഗ്രാന്റ് | 4402172 | 2024493 | 45.99% |
| എം.എൻ.ആർ.ഇ.ജി.എസ്. | 30644864<br>മുന്നിരിപ്പ് (2244) | 30643751<br>നീക്കിയിരിപ്പ്(3357) | |
| ബി ഫണ്ട് | 51072290 | 51072290 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 67318587 | 104 | 36458550 | 40 | 31 | 59.4 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 96.71% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2942640 | 6158166 | 3215526 | 109.27% |
| നികുതിയേതര വരവുകൾ | 968757 | 1130241 | 161484 | 16.67% |
| മറ്റുവരവുകൾ | 48363 | 500926 | 452563 | 935.76% |
| ആകെ | 3959760 | 7789333 | 3829573 | 96.71% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1283880 | 755 |
| കർഷകതൊഴിലാളി പെൻഷൻ | 3076100 | 287 |
| വിധവാപെൻഷൻ | 9378570 | 747 |
| വാർദ്ധക്യകാലപെൻഷൻ | 32634525 | 2467 |
| വികലാംഗപെൻഷൻ | 3778125 | 393 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 591090 | 58 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-07-17. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ7818/- .രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ലഭിക്കാവുന്ന വരുമാനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിൽ പഞ്ചായത്ത് തുടർച്ചയായി വീഴ്ച വരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 | മെയ് 2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2016 മുതൽ 19.10.2016വരെ | 01.04.2011 മുതൽ 11.03.2016 വരെ | ---- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെകൊടുക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഇതുവരെ ഒടുക്കിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ നികുതി |
|---|---|---|---|
| 1 | വെബ്ലാ വെബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | 58 | 46300 |
| 2 | പാത്ത് സൊല്യൂഷൻസ് | 69 | 76500 |
| 3 | ഫിക്സോർട്ടിക്സ് ടെക്നോളജീസ് | 6 | 3320 |

പാത്ത് സൊല്യൂഷൻസ് എന്ന ഐ.ടി സ്ഥാപനം കഴിഞ്ഞ ഫെബ്രുവരി മാസം പ്രവർത്തനം അവസാനിപ്പിച്ച് കാക്കനാട് ഇൻഫോപാർക്കിലേയ്ക്ക് മാറുകയുണ്ടായി. ടി സ്ഥാപനവുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ പഞ്ചായത്തിൽ നിന്നും നോട്ടീസ് ലഭിക്കാതിരുന്നതുകൊണ്ടാണ് നികുതി കുടിശ്ശിക ഒടുക്കാതിരുന്നതെന്നാണ് അറിയിച്ചത്. മേൽ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി കുടിശ്ശിക ഈടാക്കേണ്ടതാണ്.

2. ആലപ്പി ഫൈബർ ടഫ് എന്ന സ്ഥാപനത്തിലെ 35 ജീവനക്കാർ ഒന്നാം അർദ്ധവർഷത്തെ നികുതിയായി ഒടുക്കിയിരിക്കുന്നത് കേവലം 6960/- രൂപയാണ്. ടി സ്ഥാപനത്തിലെ 32ജീവനക്കാരും അർദ്ധവർഷിക വരുമാനമായി കാണിച്ചിരിക്കുന്നത് 20,000/- മുതൽ 22,000/- രൂപ വരെയാണ് ആറുമാസത്തെ വരുമാനമായി അർദ്ധ വാർഷിക വരുമാനം പത്രികയിൽ കാണിച്ചിട്ടുള്ളത്. തന്മൂലം 180/- രൂപവീതമാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ജീവനക്കാരുടെ യഥാർത്ഥ വരുമാനം പത്രികയിൽ രേഖപ്പെടുത്തി അതനുസരിച്ച് നികുതി ഒടുക്കുവാൻ ടി സ്ഥാപനത്തിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.
3. സെന്റ് തോമസ് ഹോസ്പിറ്റലിലെ ഒന്നാം അർദ്ധ വർഷം നാല് ജീവനക്കാരിൽ നിന്നും 2150/- രൂപയും രണ്ടാം അർദ്ധവർഷം രണ്ട് ജീവനക്കാരിൽ നിന്നും 1550/- രൂപ മാത്രമാണ് തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത്. ടി ഹോസ്പിറ്റലിൽ ഏകദേശം 20 ജീവനക്കാർ ജോലി ചെയ്യുന്നതായി നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ശരിയായ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്.
4. എച്ച്.ഡി.എഫ്.സി ബാങ്ക്, മലബാർ സിമന്റ്സ്, ജില്ലാ സഹകരണ ബാങ്ക് ഒറ്റപ്പുന്ന, ഉള്ളാട്ടിൽ ഹോട്ടൽ & സ്പാ, സർവ്വീസ് സഹകരണ ബാങ്ക് 335 പള്ളിച്ചന്ത ശാഖ, ഒറ്റപ്പുന്ന ശാഖ, സർവ്വീസ് സഹകരണ ബാങ്ക് 1308 കളത്തിൽ ക്ഷേത്രം ശാഖ, പള്ളിപ്പുറം ശാഖ, പള്ളിപ്പുറം ക്ഷീരസംഘം എ. 61 എന്നീ സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തെ സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തെ സ്ഥാപന നികുതിയിനത്തിൽ ലഭിക്കുവാനുള്ള 22500/- രൂപ (9x2500) ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2. തനത് വരുമാനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ലഭിക്കാവുന്ന വരുമാനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിൽ പഞ്ചായത്ത് തുടർച്ചയായി വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ലോഡ്ജ്/ഹോസ്റ്റൽ സൗകര്യം നൽകുന്ന കെട്ടിടങ്ങളിൽ നിന്നും ഗാർഹികാവശ്യത്തിനുള്ള നികുതി നിരക്ക് മാത്രം ഈടാക്കുന്നു.

ഇൻഫോ പാർക്ക്, മലബാർ സിമന്റ്സ്, KSIDC ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ എന്നിവിടങ്ങളിലെ

കമ്പനികളിലെ ജീവനക്കാർക്കും, IHRD എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപക, അനധ്യാപക ജീവനക്കാരും എന്നിങ്ങനെ ധാരാളം പേർ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ സമീപ വീടുകളിൽ ലോഡ്ജ്/ ഹോസ്റ്റൽ/ ഹോംസ്റ്റേ സൗകര്യം പ്രയോജനപ്പെടുത്തി താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്തിന് സമീപം തന്നെ ധാരാളം കെട്ടിടങ്ങളിൽ താമസസൗകര്യം ലഭ്യമാണ് എന്ന് പരസ്യം ചെയ്തിട്ടുണ്ട്. ലോഡ്ജ്/ ഹോസ്റ്റൽ/ ഹോംസ്റ്റേ സൗകര്യം നൽകുന്നതിനായി പല കെട്ടിടങ്ങളിലും അധിക നിർമ്മാണം നടത്തുകയും ഉപയോഗത്തിന്റെ തരം വ്യത്യാസപ്പെടുത്തുകയും പുതിയ കെട്ടിടങ്ങൾ ഇതിനായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റ്, നികുതി പിരിവ് രേഖകൾ പരിശോധിച്ചതിൽ നിലവിൽ ലോഡ്ജ്/ ഹോസ്റ്റൽ/ ഹോംസ്റ്റേ സൗകര്യം നൽകുന്ന കെട്ടിടങ്ങൾക്കും ഗാർഹികാവശ്യത്തിനുള്ള വസ്തുനികുതി മാത്രമാണ് ഈടാക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ലോഡ്ജ്/ ഹോസ്റ്റൽ/ ഹോംസ്റ്റേ സൗകര്യം നൽകുന്ന കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കി നികുതി പുനർനിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം – 2 ആയി ചേർത്തിട്ടുണ്ട്.

ബി)ഓഡിറ്റോറിയങ്ങൾ, സദ്യാലയങ്ങൾ എന്നിവയുടെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മത സ്ഥാപനങ്ങളോടും പൊതുസ്ഥാപനങ്ങളോടനു ബന്ധിച്ചും നിർമ്മിച്ച് ഉപയോഗിച്ചുവരുന്ന ഓഡിറ്റോറിയങ്ങൾ, സദ്യാലയങ്ങൾ എന്നിവയ്ക്കെല്ലാം പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 203 പ്രകാരമുള്ള വസ്തുനികുതി ബാധകമാണ്. എന്നാൽ പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റ്, നികുതി പിരിവ് രേഖകൾ പരിശോധിച്ചതിൽ നിലവിൽ ഇവയിൽ പല സ്ഥാപനങ്ങളുടേയും നികുതി നിർണ്ണയിക്കുകയോ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കി നികുതി പുനർനിർണ്ണയിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി)മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ താഴെപ്പറയും പ്രകാരം മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവക്ക് ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിൽ ബാധകമായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നില്ല. പഞ്ചായത്ത് രാജ് നിയമപ്രകാരം നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കേണ്ടതാണ്.

| നം | മൊബൈൽ കമ്പനികളുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | 6/248 |
| 2 | ഭാരതി എയർടെൽ ലിമിറ്റഡ് | 6/479 |
| 3 | ഭാരതി എയർടെൽ ലിമിറ്റഡ് | 7/324 |
| 4 | ഇൻഡസ് ടവേഴ്സ് | 13/246 |
| 5 | വയർലെസ്സ് റ്റി.റ്റി. ഇൻഫോസർവീസ് | 14/113 |
| 6 | ഭാരതി എയർടെൽ ലിമിറ്റഡ് | 15/262 |
| 7 | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | 15/360 |
| 8 | ബി.എസ്.എൻ.എൽ - 2 ടവറുകൾ | |

മേൽ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ബാധകമായ നികുതി തുക പിഴ സഹിതം ഈടാക്കാത്ത പക്ഷം നികുതി ഈടാക്കുന്നതിന് ചുമതലപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഡി)പരസ്യനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ പരസ്യങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരസ്യനികുതി ബൈലോ പ്രാബല്യത്തിൽ വരുത്തി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്)തനത് ഫണ്ടിന് പലിശ ലഭിക്കുന്നില്ല

ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടുള്ള ഏതാണ്ട് എല്ലാ ജില്ലാസഹകരണ ബാങ്ക് ശാഖകളും തനത് ഫണ്ട് അക്കൗണ്ടുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള 4% നിരക്കിൽ പലിശ നൽകിവരുന്നുണ്ട്. പലിശ നൽകാതിരുന്ന പല ശാഖകളും (ഉദാ: തൈക്കാട്ടുശ്ശേരി ബ്ലോക്കിന് കീഴിലുള്ള അരൂക്കുറ്റി, പാണാവള്ളി ഗ്രാമപഞ്ചായത്തുകളിലെ ജില്ലാ സഹകരണ ബാങ്ക് ശാഖകൾ) തനത് ഫണ്ട് അക്കൗണ്ടുകൾ ഓഡിറ്റ് പരാമർശത്തെത്തുടർന്ന് കുടിശ്ശിക സഹിതം പലിശ നൽകി വരുന്നുണ്ട്. ഒറ്റപ്പുന്ന ശാഖയിലെ 4039/10/01/000179-ാം നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രതിദിന വരവ് തുക അടയ്ക്കുന്നത്. 15.01.2010 മുതൽ നാളിതുവരെയായി ഈ അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ ലഭിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം ശരാശരി 45-50 ലക്ഷം രൂപ തനത്ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇത് പ്രകാരം 1,80,000 - 2,00,000 രൂപയുടെ പലിശ വരുമാനത്തിന് പഞ്ചായത്തിന് അർഹതയുള്ളതാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ഒറ്റപ്പുന്ന ശാഖ മാത്രം പലിശ നിഷേധിക്കുന്നത് അംഗീകരിക്കാനാവുന്നതല്ല. പലിശ ലഭിക്കുന്നതിന് അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വൈക്കം -തവണക്കടവ് ജംഗാർ സർവ്വീസ് - ലഭിക്കാനുള്ള കിസ്റ്റ് കുടിശ്ശിക, ഡിമാന്റിൽ ഉൾപ്പെടുത്തിയില്ല.

വൈക്കം -തവണക്കടവ് ജംഗാർ സർവ്വീസ് നടത്തുന്നത് ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെയും വൈക്കം നഗരസഭയുടേയും സംയുക്ത കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ്. അതിനാൽ കിസ്റ്റ് തുകയുടെ 50% ഇരു സ്ഥാപനങ്ങൾക്കും അവകാശപ്പെട്ടതാണ്. പ്രസ്തുത ജംഗാർ സർവ്വീസ് 22-09-11 മുതൽ 22-9-14 വരെയുള്ള മൂന്ന് വർഷത്തേയ്ക്ക് പ്രതിവർഷം 1030000/- രൂപ കിസ്റ്റ് നിശ്ചയിച്ച് ശ്രീ. സുനിൽകുമാർ, M/S പി. എസ്. എന്റർപ്രൈസസിന് നടത്തിപ്പ് അവകാശം നൽകിയിട്ടുണ്ട്. ജംഗാറിന്റെ തകരാറു മൂലം 10-06-12 ൽ സർവ്വീസ് നിർത്തി വെക്കുകയും ജംഗാർ വൈക്കം നഗരസഭയിൽ തിരികെ ഏല്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ജംഗാറിന്റെ തകരാറു മൂലം കാലാവധി മുഴുവൻ പൂർത്തിയാക്കാൻ കഴിയാതെ വന്നതിനാൽ സർവ്വീസ് നടത്താതിരുന്ന കാലഘട്ടത്തിലെ കിസ്റ്റ് ഇളവ് ലഭിക്കുന്നതിനായി ശ്രീ. സുനിൽ കുമാർ അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. ജംഗാർ കൈവശം വെച്ച മാസങ്ങളിലെ കിസ്റ്റ് തുകയിൽ നിന്നും ഇതുവരെ അടച്ച തുകയും സെക്യൂരിറ്റി തുകയും കിഴിച്ച് ബാക്കി തുക അടക്കുവാൻ ബഹു കേരളാ ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നം 1947/2016/തസ്വഭവ തീയതി 20-06-16 പ്രകാരം ഉത്തരവ് ആയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട കിസ്റ്റ് തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിന് പ്രതിമാസം ലഭിക്കേണ്ട കിസ്റ്റ് തുക | 103000 /12 @50% = 42917/- |
| 2012 ജനുവരി മുതൽ 10-06-12 വരെയുള്ള കിസ്റ്റ് കുടിശ്ശിക | (42917 x 5) +(42917 x 10) / 30 |
| | = 214585 + 14306 = 228891 |

ടി തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ലഭിക്കാനുള്ള കിസ്റ്റ് കുടിശ്ശിക, ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4. ഡി & ഓ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത- സംബന്ധിച്ച്

എ) ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എഴുതിയിട്ടുണ്ടെങ്കിലും കുറച്ച് സ്ഥാപനങ്ങളുടെ വിവരം മാത്രമേ രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ. വിശദാംശം ചുവടെ കൊടുക്കുന്നു

| വാർഡ് | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | വാർഡ് | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | വാർഡ് | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 4 | 7 | 27 | 13 | 14 |
| 2 | 3 | 8 | 8 | 14 | ഇല്ല |
| 3 | 19 | 9 | ഇല്ല | 15 | 2 |
| 4 | 4 | 10 | 12 | 16 | 1 |
| 5 | 22 | 11 | 19 | 17 | 2 |
| 6 | 53 | 12 | 24 | ആകെ | 214 |

വാർഡ് 9, 14 ൽ സ്ഥാപനങ്ങൾ ഇല്ലായെന്നും 1,2,4,15,16,17 വാർഡുകളിലുള്ള സ്ഥാപനങ്ങൾ 5ൽ താഴെയുമാണ് എന്നാണ് ട്രേഡേഴ്സ് ലിസ്റ്റിൽ കാണിച്ചിട്ടുള്ളത്. ആയതിന്റെ നിജസ്ഥിതി അന്വേഷിക്കേണ്ടതായുണ്ട്.

ബി) ഏകദ്ദേശം ചെറുതും വലുതുമായ ഒട്ടേറെ സ്ഥാപനങ്ങൾ ഉള്ള പഞ്ചായത്തിൽ 256 സ്ഥാപനങ്ങൾ മാത്രമാണ് 2016-17 കാലയളവിൽ ഡി & ഓ ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1. ഉദ്ഘാടനം കഴിഞ്ഞിട്ടും പകൽ വീട് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല.

പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള പകൽ വീടിന് വേണ്ടി തൻവർഷം പ്രോജക്ട് നം 157/2017 പ്രകാരം 49,981/- രൂപയും (ബിൽനം 17/2016-17/ 14.3.2017) ചെലവഴിച്ച് കേളി ഫർണീച്ചർ മാർട്ട്, ചേർത്തല എന്ന സ്ഥപനത്തിൽ നിന്നും ഫർണീച്ചർ വാങ്ങുകയും പ്രോജക്ട് നം. 158/2017 പ്രകാരം പകൽ വീട് ലൈബ്രറിയ്ക്കായി 60,000/- രൂപ (ബിൽ നം. 32/2016-17/ 30.3.2017) ചെലവഴിച്ച് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും പുസ്തകം വാങ്ങുകയും ചെയ്തിട്ടുണ്ട്. പകൽ വീടിന്റെ ഔപചാരികമായ ഉദ്ഘാടനം 09.06.2017ൽ നിർവ്വഹിച്ചുവെങ്കിലും ഇത് നാളിതുവരെ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല. വാങ്ങിയ ഫർണീച്ചറുകളിൽ പകുതി പഞ്ചായത്ത് ഓഫീസിലും പകുതി പകൽ വീട്ടിലുമായി സൂക്ഷിച്ചിരിക്കുകയാണ്. ലൈബ്രറിയ്ക്കായി വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും വായനക്കാർക്ക് വിതരണം ചെയ്യാവുന്ന രീതിയിൽ ക്രമപ്പെടുത്തിയിട്ടില്ല. തുടർപ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി പകൽ വീട് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. പോരായ്മകൾ പരിഹരിച്ച് പകൽ വീട് എത്രയുംവേഗം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3-2 നാളികേര കൃഷി --- അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി.

നാളികേര കൃഷി (പ്രോജക്ട് നം. 122/2017) പദ്ധതിയ്ക്കായി വൈറ്റില തെങ്ങു ഗവേഷണ കേന്ദ്രത്തിൽ നിന്നും 1000 തെങ്ങിൻ തൈകളും പൂജാ അഗ്രി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 16.075 മെട്രിക് ടൺ വേപ്പിൻ പിണ്ണാക്കും വാങ്ങി 174 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തൈയൊന്നിന് 75 രൂപ ക്രമത്തിൽ 1000 തെങ്ങിൻ തൈകൾക്കായി 75,000/- രൂപയും വേപ്പിൻ പിണ്ണാക്കിന് കിലോഗ്രാമിന് 17 രൂപ നിരക്കിൽ 16.075 മെട്രിക് ടൺ വേപ്പിൻ പിണ്ണാക്കിന് 2,73,275/- രൂപയും തെങ്ങിൻ തൈകളുടെ ട്രാൻസ്പോർട്ടേഷൻ, അൺലോഡിംഗ് ചാർജിനത്തിൽ 4500/- രൂപയും ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള വിത്തും വളവും നാമമാത്ര

കർഷകർക്ക് (രണ്ടര ഏക്കർ വരെയുള്ളവർക്ക്) മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, നാമമാത്ര കർഷകർ എന്ന ഗണത്തിൽ ഉൾപ്പടാത്തവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം | വിതരണം ചെയ്ത വേപ്പിൻ പിണ്ണാക്കിന്റെ അളവ് | വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം |
|---|---|---|---|---|
| 1 | രാജേന്ദ്രപ്രസാദ്, തൈപുരയിൽ | 3.5ഏക്കർ | 400 Kg | -- |
| 2 | സി.റ്റി. ജോസഫ്, ചണ്ണാപ്പള്ളി | 2.99 | 600 Kg | 10 |
| 3 | ജോസ് കടവൻ, കണ്ടംകടവിൽ | 4.5 | 500 Kg | 30 |
| 4 | പ്രതാപ് കുമാർ, ശങ്കരമംഗലം | 3.24 | 400 Kg | 30 |
| 5 | ജോസ് ജോർജ്, കടവിൽ ഫീൽഡ് വില്ല | 4.69 | 650 Kg | 10 |
| 6 | രമാ നായർ, ചിറ്റത്താപറമ്പിൽ | 2.8 | 150 Kg | 10 |
| | ആകെ | | 2700 Kg | 90 |

യഥാർത്ഥത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് 25kg, 50kg അളവിൽ വളം നൽകിയപ്പോൾ അർഹതയില്ലാത്ത മേൽ സൂചിപ്പിച്ച വ്യക്തികൾക്ക് അതിന്റെ പത്തും ഇരുപതും ഇരട്ടി നൽകുക വഴി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം തന്നെ ലംഘിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. രണ്ടര ഏക്കർ മുതൽ അഞ്ച് ഏക്കർ വരെയുള്ളവരാണ് നാമമാത്ര കർഷകർ എന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. അപേക്ഷകരുടെ അർഹതയും കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും പരിഗണിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ യഥേഷ്ടം വളം വിതരണം നടത്തിയത് ശരിയായ നടപടിയല്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകുകവഴി താഴെപറയും പ്രകാരം 39,294/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| 2700 kg കിലോഗ്രാം വളത്തിന് അനുവദിച്ച സബ്സിഡി | 2700 x 12.72 = 34,344/- രൂപ |
| 90 തെങ്ങിൻ തൈകൾക്ക് അനുവദിച്ച സബ്സിഡി | 90 x 55 = 4950/- രൂപ |
| ആകെ തുക | 34,344 + 4950 = 39294/- രൂപ. |

ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

*ചെലവ് വിവരം*

പ്ലാൻ ഫണ്ട് = 2,51,254/- (ബിൽ നം. 1212101170/ 28.3.2017).

ഗുണഭോക്തൃ വിഹിതം = 84,521/-

## 3-3 കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് പ്രതിമാസവേതനം പരിധി ലംഘിച്ച് നൽകി. അധികം നൽകിയത് -15000/-

ജി.ഒ(പി) നം 28/2016 ഫിൻ തീയതി 26-02-16 പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്നവരുടെ വേതനം 01-04-16 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓവർസിയർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജേലി ചെയ്യുന്നതിന് പ്രതിമാസം അനുവദിക്കാവുന്ന പരമാവധി തുക 19,000/- രൂപയാണ്.ഗ്രാമപഞ്ചായത്തിൽ LSGD വിഭാഗത്തിൽ ടി തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജേലി ചെയ്തു വരുന്ന വൈഖരി. എസ്.ശിവന് പ്രതിമാസം 20000/- രൂപ വീതമാണ് നൽകിവരുന്നത്. മേൽ ഉത്തരവ് പ്രകാരം അനുവദനീയമായത് 19000/- രൂപയാണ്. 04/16 മുതൽ 6/17 വരെ അധികം നൽകിയത് 15000/-(1000x15) .ടി തുക തിരികെ ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| മാസം | ചെക്ക് നം. | മാസം | ചെക്ക് നം. | മാസം | ചെക്ക് നം. |
|---|---|---|---|---|---|
| 4/16 | 6353/5-05-16 | 9/16 | 8870/14-10-16 | 2/17 | 11394/1-3-17 |
| 5/16 | 6379/8-06-16 | 10/16 | 8905/5-11-16 | 3/17 | 12570/5-4-17 |
| 6/16 | 7240/7-07-16 | 11/16 | 8920/1-12-16 | 4/17 | 13089/2-5-17 |
| 7/16 | 7268/3-8-16 | 12/16 | 10248/4-1-17 | 5/17 | 13705/2-6-17 |
| 8/16 | 7979/8-09-16 | 1/17 | 11366/2-2-17 | 6/17 | 13749/6-7-17 |

തൻവർഷത്തെ നഷ്ടം -11000/- മാത്രം ഭാഗം 4- ൽ ഉൾപ്പെടുത്തുന്നു.

## 3-4 ലാറ്ററൈറ്റ് സ്റ്റോൺ ഉപയോഗിച്ച് ഫൗണ്ടേഷൻ/ബേസ്മെന്റ് നിർമ്മിക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു - നഷ്ടം 60439/-

ഗ്രാമപഞ്ചായത്തിൽ തൻവർഷം കൺവീനർ മുഖേനേ നടപ്പിലാക്കിയ പ്രവൃത്തികളിൽ ലാറ്ററൈറ്റ് സ്റ്റോൺ ഉപയോഗിച്ച് 1:6 അനുപാതത്തിലുള്ള സിമന്റ് ചാന്തിൽ ഫൗണ്ടേഷൻ/ബേസ്മെന്റ് നിർമ്മിക്കുന്നതിന് ഒബ്സർവഡ് ഡേറ്റ (DSR2014) പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് 7863.99/$m^3$ ആണ്. 01.08.15 ന് (കോസ്റ്റ് ഇൻഡക്സ് മാറ്റുന്നതിന് മുമ്പ്) അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിന് ടിയിനത്തിന് അനുവദനീയമായ നിരക്ക് ചുവടെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക | അനുവദനീയമായ നിരക്ക് |
|---|---|---|---|---|
| ലാറ്ററൈറ്റ് സ്റ്റോൺ | 77 | 45 (MR) | 3465 | |
| വാട്ടർ ചാർജ്ജ് | | 1% | 34.65 | |
| ആകെ | | | | 3499.65 |
| 1:6അനുപാതത്തിലുള്ള സിമന്റ് ചാന്ത് | 0.0874 | 3340.75 | 291.98 | |
| മറ്റു ചെലവ് | 2.73 | 1.78 | 4.86 | |

| | | | | |
|---|---|---|---|---|
| ലേബർ | | | 977.29 | |
| ആകെ | | | 1274.13 | |
| വാട്ടർ ചാർജ്ജ് | | 1% | 12.74 | |
| ആകെ | | | 1286.87 | |
| കോസ്റ്റ് ഇൻഡക്സ് | | 1.4571 | | 1875.10 |
| അനുവദിക്കാവുന്ന നിരക്ക് @ | | | | 5374.75/$M^3$ |

എന്നാൽ താഴെപ്പയുന്ന പ്രവൃത്തികളിൽ ഉയർന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

നിരക്കിലെ വ്യത്യാസം - 7863.99 – 5374.75 = 2489.24/$m^3$

| പ്രവൃത്തി | കൺവീനർ | ചെയ്ത അളവ്/ എം ബുക്ക് | അധികം @ 2489.24/$m^3$ | ചെലവു വിവരം |
|---|---|---|---|---|
| അംഗൻവാടി റിപ്പയർ- നം. 15 വാർഡ് -6 | ഉമ | 10.52 $m^3$ 07/14-15 | 26187 | ഡി.ഡി നം. 503915/28-10-16 |
| അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം-നം. 22 വാർഡ് -15 | മനീഷ് | 2.69$m^3$ 45/15-16 | 6696 | ഡി.ഡി നം. 503848/4-10-16 |
| ഫ്രണ്ട് ഓഫീസ് നവീകരണം | നൈസിബെന്നി | 2.31$m^3$ 46/15-16 | 5750 | ബിൽ നം. 11/29-3-17 |
| പകൽവീട് അനുബന്ധ സൗകര്യങ്ങൾ | നൈസിബെന്നി | 8.76 $m^3$ 150/15-16 | 21806 | ബിൽ നം. 1/30-9-16 |
| | | | 60439 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-5 സോളിഡ് കോൺക്രീറ്റ് ബ്ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു - നഷ്ടം 17772/-

ഗ്രാമപഞ്ചായത്തിൽ തൻവർഷം കൺവീനർ മുഖേനേ നടപ്പിലാക്കിയ പ്രവൃത്തികളിൽ സോളിഡ് കോൺക്രീറ്റ് ബ്ബ്ലോക്ക് 30X20X15 cm ഉപയോഗിച്ച് 1:6 അനുപാതത്തിലുള്ള സിമന്റ് ചാന്തിൽ നിർമ്മിക്കുന്നതിന് ഒബ്സർവഡ് ഡേറ്റ (DSR2014) പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് 5648/$m^3$ ആണ്. 01.08.15 ന് മുമ്പ് അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിന് ടിയിനത്തിന് അനുവദനീയമായ നിരക്ക് ചുവടെ കൊടുക്കുന്നു. (01.08.2015 മുതൽ കോസ്റ്റ് ഇൻഡക്സ് 1.5333)

| ഇനം | അളവ് | നിരക്ക് | തുക | അനുവദനീയമായ നിരക്ക് |
|---|---|---|---|---|
| സോളിഡ് കോൺക്രീറ്റ് ബ്ബ്ലോക്ക് | 103 | 26.25 (MR) | 2703.75 | |
| വാട്ടർ ചാർജ്ജ് | | 1% | 27.03 | |
| ആകെ | | | | 2730.73 |
| 1:6അനുപാതത്തിലുള്ള സിമന്റ് ചാന്ത് | 0.09 | 3340.75 | 300.67 | |
| മറ്റുചെലവ് | 2.73 | 1.78 | 4.86 | |
| ലേബർ | | | 1230.47 | |
| മറ്റുചെലവ് | 22.36 | 1.78 | 39.80 | |
| ആകെ | | | 1575.80 | |
| വാട്ടർ ചാർജ്ജ് | | 1% | 15.76 | |
| ആകെ | | | 1591.56 | |
| കോസ്റ്റ് ഇന്ഡക്സ് | | 1.4571 | | 2319.06 |
| അനുവദിക്കാവുന്ന നിരക്ക് | | | | 5049.79/$M^3$ |

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ ഉയർന്ന നിരക്കാണ് ടിയിനത്തിന് അനുവദിച്ചിരിക്കുന്നത്.വിശദാംശം ചുവടെ കൊടുക്കുന്നു.

നിരക്കിലെ വ്യത്യാസം - 5648-5049.79 = 598.21 /$m^3$

| പ്രവൃത്തി | കൺവീനർ | ചെയ്ത അളവ് / എം ബുക്ക് | അധികം@ 598.21/$m^3$ | ചെലവു വിവരം |
|---|---|---|---|---|
| അംഗൻവാടി റിപ്പയർ – നം. 15 വാർഡ് -6 | ഉമ | 10.98 $m^3$ 07/14-15 | 6568 | ഡി.ഡി നം. 503915/28-10-16 |
| അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം- നം. 22 വാർഡ് -15 | മനീഷ് | 9.84$m^3$ 45/15-16 | 5886 | ഡി.ഡി നം. 503848/4-10-16 |
| ഫ്രണ്ട് ഓഫീസ് നവീകരണം | നൈസി ബെന്നി | 8.89$m^3$ 46/15-16 | 5318 | ബിൽ നം. 11/29-3-17 |
| | | | 17772 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-6 സ്കാരിഫൈ ചെയ്തപ്പോൾ ലഭ്യമാകുന്ന മെറ്റിൽ ഉപയോഗിച്ചില്ല – അധികച്ചെലവ് 22883/-

പ്രതീക്ഷാ കവല -മേനാം കാട്ടിൽ ഗ്രവലിംഗ്, മെറ്റലിംഗ്

പ്രോജക്ട് നം – 184/17

അളവു പുസ്തകം – 15/2016-17

കൺവീനർ – വിശാല പുരുഷോത്തമൻ

ചെലവ് – ബിൽ നം. 18/28-03-17, 292988/-രൂപ

ടി പ്രവർത്തിയുടെ ഒന്നാം ഇനം ചെയ്നേജ് 230 മുതൽ 330 വരെയുള്ള 100മീറ്റർ മെറ്റൽ ചെയ്ത ഭാഗം കൊത്തിയിളക്കി (scarifying) ദൂരെ നിക്ഷേപിക്കുക എന്നതാണ്. ടിയിനം 320$m^2$ ചെയ്തിട്ടുണ്ട്. 100 $m^2$ മെറ്റൽ ചെയ്ത പ്രതലം 5mm കനത്തിൽ സ്കാരിഫൈ ചെയ്യുമ്പോൾ 20% വേസ്റ്റേജ് കിഴിച്ച് 4$m^3$ മെറ്റൽ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട് (cpwd specification16.9). ഇതനുസരിച്ച് 320 $m^2$ പ്രതലം സ്കാരിഫൈ ചെയ്തപ്പോൾ 12.8 $m^3$ മെറ്റൽ ലഭ്യമാകേണ്ടതാണ്. ആയത് മെറ്റലിംഗിന് ഉപയോഗിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

മെറ്റലിന്റെ വില – 1165.76 +53.33% – 1165.76 + 622 = 1787.76/$m^3$

12.8$m^3$ മെറ്റലിന്റെ വില – 12.8 x 1787.76 = 22883/-

കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-7 തെരുവു വിളക്കുകൾ - ഓർഡിനറി ബൾബുകൾക്കുള്ള തുക ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് പ്രതിമാസം 61126/- രൂപ വീതമാണ് ഒടുക്കി വരുന്നത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം പ്രതിമാസം വൈദ്യുതചാർജ്ജ് ഒടുക്കുന്ന തെരുവു വിളക്കുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി ബൾബ് 40w | 176 |

| | |
|---|---|
| ഓർഡിനറി ബൾബ് 60w | 95 |
| ഓർഡിനറി ബൾബ് 100w | 77 |
| ഡബിൾ ട്യൂബ് 40w | 7 |
| ഡബിൾ ട്യൂബ് 2x 40 w | 147 |
| സി.എഫ്.എൽ 22w | 55 |
| എസ്.വി ലാമ്പ് 250w | 25 |
| മെർക്കുറി ലാമ്പ് 125 w | 3 |

തെരുവു വിളക്കുകളിൽ ഉൾപ്പെട്ട ഓർഡിനറി ബൾബുകൾ വർഷങ്ങൾക്കു മുമ്പേ തന്നെ മാറ്റി പകരം സി.എഫ്.എൽ ബൾബുകളാണ് സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഇപ്പോഴും 348 ഓർഡിനറി ബൾബുകളുടേതുൾപ്പെടെയുള്ള വൈദ്യുതചാർജ്ജാണ് ഒടുക്കി വരുന്നത്. ഓർഡിനറി ബൾബുകൾക്ക് മാത്രം പ്രതിമാസം ഒടുക്കുന്ന വൈദ്യുതചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | ഒടുക്കേണ്ടിയിരുന്ന വൈദ്യുതചാർജ്ജ് |
|---|---|---|---|
| ഓർഡിനറി ബൾബ് 40w | 176 | @61 | 10736 |
| ഓർഡിനറി ബൾബ് 60w | 95 | @94 | 8930 |
| ഓർഡിനറി ബൾബ് 100w | 77 | @155 | 11935 |
| ആകെ | 348 | | 31601 |

പ്രതിമാസം ഒടുക്കുന്ന തുകയുടെ പകുതിയും നിലവിൽ ഇല്ലാത്ത ഇനങ്ങളുടെ നിരക്കിൽ അടവാക്കുന്നത് മൂലം വൈദ്യുതി ചാർജിനത്തിൽ അധികം നൽകുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ഇക്കാര്യം KSEB യെ അറിയിച്ച് വൈദ്യുതചാർജ്ജ് കുറക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തെരുവു വിളക്കിന് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 264100/- രൂപ മുൻവർഷങ്ങളിൽ KSEBയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും മീറ്റർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. മീറ്ററിംഗ് സമ്പ്രദായം അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് (പ്രോജക്ട് നം- 234/17)-അധിക പലിശ ബാധ്യത

പഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി തിരുനെല്ലൂർ 1250-ാം നമ്പർ സഹകരണ ബാങ്കിൽ നിന്നാണ് പഞ്ചായത്ത് ഭവനവായ്പ എടുത്തിട്ടുള്ളത്. വായ്പാ തുകയുടെ മുതൽ പൂർണ്ണമായും ഗ്രാമപഞ്ചായത്തും 10% നിരക്കിലുള്ള പലിശ മുഴുവൻ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 234/17 നമ്പർ പദ്ധതി പ്രകാരം 2016-17 ൽ തനത് ഫണ്ടിൽ നിന്നും 24,40,630/- രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. ഈ സംഖ്യയിൽ 1514550/- രൂപ ചെക്ക് നമ്പർ 257468 പ്രകാരം 15/03/2017ലും 926080/- രൂപ ചെക്ക് നമ്പർ 257472 പ്രകാരം 30/03/2017ലും പഞ്ചായത്ത് ഓഫീസിനു സമീപമുള്ള സർവ്വീസ് സഹകരണ ബാങ്കിൽ നൽകി കൈപ്പറ്റു ലഭ്യമാക്കിയെങ്കിലും തിരിച്ചടവ് സംഖ്യ ലോൺ പാസ്സ് ബുക്കിൽ ബാങ്ക് വരവ് വച്ചിട്ടുള്ളത് യഥാക്രമം 28/03/2017, 11/04/2017 തിയതികളിൽ മാത്രമാണ്. ലോക്കൽ ചെക്ക് മാറുന്നതിന് പരമാവധി 2 ദിവസം മാത്രമെടുക്കുന്ന സാഹചര്യത്തിൽ തിരിച്ചടവ് വരവുവയ്ക്കുന്നതിൽ ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടായ അസാധാരണമായ കാലതാമസം മൂലം വലിയ തുക സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ അധികച്ചെലവിന് കാരണമാക്കിയിട്ടുണ്ട്. അധികമായി നൽകേണ്ടിവരുന്ന പലിശ തുക സഹകരണബാങ്കുമായി ബന്ധപ്പെട്ട് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 SC, ST വിഭാഗക്കാർക്ക് കുടിവെള്ള ടാങ്ക് -പ്ലാൻ ഫണ്ട് അധികമായി ചെലവഴിച്ചു.

ബിൽ നമ്പർ :- 52/16-17, തീയതി. 31.03.2017, 22500/- രൂപ,

53/16-17, തീയതി. 31.03.2017, 97500/- രൂപ

03/07/2015 ലെ ജി.ഒ (സാധാ) നം-2014/2015/LSGD സർക്കാർ ഉത്തരവ് പ്രകാരം SC, ST വിഭാഗക്കാർക്ക് കുടിവെള്ള സംഭരണത്തിനായി പരമാവധി 75% സബ്സിഡി പരിധിയിൽ 500 ലിറ്റർ പി.വി.സി ടാങ്ക് വാങ്ങി നൽകുന്നതിന് അനുവദിച്ചിരുന്നു. ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഈ പദ്ധതിയിൽ SC വിഭാഗക്കാർക്ക് 65 കുടിവെള്ള ടാങ്കും ST വിഭാഗക്കാർക്ക് 15 കുടിവെള്ള ടാങ്കും ഈ പദ്ധതി പ്രകാരം വിതരണം നടത്തിയിട്ടുണ്ട്. ടെണ്ടർ പ്രകാരം 1500/- രൂപക്കാണ് പഞ്ചായത്തിന് 500 ലിറ്റർ പി.വി.സി ടാങ്ക് ലഭ്യമായത്. ഇതിൽ സർക്കാർ ഉത്തരവ് പ്രകാരം പ്ലാൻ ഫണ്ടായി 1125/- രൂപയും ഗുണഭോക്തൃവിഹിതമായി 375/- രൂപയുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ മുഴുവൻ തുകയും പ്ലാൻഫണ്ടായി പിൻവലിക്കുകയും ഗുണഭോക്തൃ വിഹിതമായി പിരിച്ച 40000/- രൂപ (80 x 500) ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക സർക്കാർ പ്ലാൻ ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-10 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ --- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചില്ല.

പഞ്ചായത്തിലെ വിവിധ വാർഡുകളിടെ 12 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റി ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്ന പദ്ധതിയാണ് അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം. 59/2017). ഇതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള 1,22,000/- രൂപ (വികസന ഫണ്ട് – 53,000/-, തനത് ഫണ്ട് – 69000/-) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്ന ടി വേലയുടെ അംഗീകൃത എസ്റ്റിമേറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. വാട്ടർ അതോറിറ്റിയുമായി നാളിതുവരെ കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കാതെ തുക നൽകിയത് ശരിയായ നടപടിയല്ല. നിയമാനുസൃതമായ കരാർ നിലവിലില്ലാത്തതിനാൽ മേൽ പദ്ധതി വാട്ടർ അതോറിറ്റി എപ്പോൾ ആരംഭിക്കുമെന്നോ എപ്പോൾ പൂർത്തീകരിക്കുമെന്നോ വ്യക്തമല്ല. ആയതിനാൽ അടിയന്തിരമായി കരാർ ചമച്ച് പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

*ചെലവ് വിവരം*

വികസന ഫണ്ട് - 53000/- രൂപ (ബിൽ നമ്പർ - 31/16-17/ 30.03.2017), തനത് ഫണ്ട് - 69000/- രൂപ

## 3-11 തനത് ഫണ്ട് വിനിയോഗിച്ചുള്ള വയറിംഗ് വേലകൾ -- നികുതികൾ സർക്കാരിലേയ്ക്ക് ഒടുക്കിയില്ല.

തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പഞ്ചായത്ത് കാര്യാലയം വയറിംഗ് (പ്രോജക്ട് നം 18/2017), ഫ്രണ്ട് ഓഫീസ് വയറിംഗ് (പ്രോജക്ട് നം. 42/2017) എന്നീ പദ്ധതികളുടെ ബില്ലിൽ നിന്നും വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഇവ സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. മേൽ പറയുന്ന വയറിംഗ് വേലകളുമായി ബന്ധപ്പെട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത നികുതികളുടെ വിവരം താഴെകൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ മൂല്യം | വാറ്റ് | ആദായ നികുതി | KCWFF |
|---|---|---|---|---|
| പഞ്ചായത്ത് കാര്യാലയം വയറിംഗ് | 1,23,376 | 4936 | 1234 | 1234 |
| ഫ്രണ്ട് ഓഫീസ് വയറിംഗ് | 36032 | 1441 | 360 | 360 |

ബില്ലിൽ കുറവ് വരുത്തിയ നികുതികൾ എത്രയുംവേഗം സർക്കാരിലേയ്ക്ക് ഒടുക്കാമെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ആയത് ഒടുക്കി രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-12 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി --- ആദായനികുതി ഈടാക്കിയില്ല.

2016-17 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന് തുക നൽകിയപ്പോൾ ആദായനികുതി കുറവ് ചെയ്തില്ല. ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്യാതിരുന്നതുമൂലം കേന്ദ്രസർക്കാരിന് 8185/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആകെ മൂല്യം | ഐ.റ്റി | കരാറുകാരന് തുക നൽകിയ തീയതി |
|---|---|---|---|
| 7,8,9 വാർഡുകളിൽ ശുദ്ധജല സ്രോതസ്സ് സംരംക്ഷിക്കുന്നതിന് തടയിണ നിർമ്മാണം | 164071 | 1641 | 1.2.2017 |
| 1,2,17 വാർഡുകളിൽ ശുദ്ധജല സ്രോതസ്സ് സംരംക്ഷിക്കുന്നതിന് തടയിണ നിർമ്മാണം | 123082 | 1231 | 1.2.2017 |
| 10,11വാർഡുകളിൽ ശുദ്ധജല സ്രോതസ്സ് സംരംക്ഷിക്കുന്നതിന് തടയിണ നിർമ്മാണം | 134410 | 1344 | 1.2.2017 |
| 12,13,14വാർഡുകളിൽ ശുദ്ധജല സ്രോതസ്സ് സംരംക്ഷിക്കുന്നതിന് തടയിണ നിർമ്മാണം | 128765 | 1288 | 1.2.2017 |
| വാർഡ് 3-ൽ കളിസ്ഥലം നിർമ്മാണം. | 268101 | 2681 | 20.3.2017 |
| ആകെ | | 8185 | |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## 3-13 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ

2016-17 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.ഇവക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എ) ഗാർഹിക കുടിവെള്ള കണക്ഷൻ -എസ്.സി (പ്രോജക്ട് നം- 78/17) -രേഖകളില്ലാതെ സബ്സിഡി

അനുവദിച്ചു

പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതിനായി ഗുണഭോക്താക്കൾക്ക് 6000/- രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ചില ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള ഫീസ് അടച്ചതിന്റെ രസീതിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി തുക നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭിച്ചത് സംബന്ധിച്ച രേഖകളൊന്നും ഇല്ലാതെ സബ്സിഡി നൽകിയത് ക്രമപ്രകാരമല്ല.ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. കരുണാകരൻ, പുതിയാട്ടുനികർത്ത്
2. തങ്കച്ചൻ, മിഥുൻ നിവാസ്
3. രാജമ്മ, ളുവേൽപറമ്പ്
4. റ്റി.കെ പളനി, തൈക്കൽച്ചിറ
5. ദാമോദരൻ, പനച്ചിക്കൽച്ചിറ
6. ഷൈജു, കറ്റിയാഞ്ഞിലിക്കൽ വടക്കുപുറത്ത്
7. ബിനി, കരീമാത്തിൽ
8. തിലകൻ, തെക്കേവെളി

9. സുധിമോൻ, സാന്ദ്രാനിവാസ്

കുടിവെള്ള കണക്ഷൻ ലഭിച്ചത് ഉറപ്പുവരുത്തി മാത്രം സബ്സിഡി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബി) കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് (പ്രോജക്ട് നം- 129/17) - തുക അനധികൃതമായി സൂക്ഷിക്കുന്നു.

(ബിൽ നം-49/16-17 Rs.170,000/- തിയതി-31.03.2017)

ഈ പദ്ധതിയിൽ പഞ്ചായത്ത് സി.ഡി.എസ്സിന് കീഴിലുള്ള 34 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5000/- രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 170000/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും പിൻവലിച്ച് സി.ഡി.എസ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരുന്നു. സി.ഡി.എസ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് പ്രകാരം ഇതിൽ 31 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മാത്രമാണ് ഇതുവരെ റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയിട്ടുള്ളത്. റിവോൾവിംഗ് ഫണ്ടിനുള്ള ചെക്ക് കൈപ്പറ്റിയ ബാക്കി മൂന്ന് അയൽക്കൂട്ടങ്ങൾ ചെക്കിന്റെ കാലാവധിക്കുള്ളിൽ പണം മാറിയെടുത്തില്ല. വികസനഫണ്ടിൽ നിന്നും മാർച്ചിൽ പിൻവലിച്ച പണം ചെലവഴിക്കാനാകാത്ത സാഹചര്യത്തിൽ വികസന ഫണ്ടിൽ തിരികെ ഒടുക്കാതെ സി.ഡി.എസ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.തുക അടിയന്തിരമായി വിതരണം നടത്തുകയോ പ്ലാൻ ഫണ്ടിൽ തിരികയടക്കുകയോ ചെയ്യേണ്ടതാണ്.

സി)എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ (പ്രോജക്ട് - 75/17) -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

(ബിൽ നം-46/16-17 Rs.3,50,000/- തിയതി-29.03.2017)

പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ 14 ലാപ് ടോപ്പ് കംപ്യൂട്ടറുകളാണ് സാമ്പത്തിക വർഷം വിതരണം നടത്തിയത്. 2016-17 പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 04/2016/LSGD) പ്രകാരം എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്യാവുന്നത്. മറ്റ് വിഷയങ്ങളിലുള്ള ബിരുദ, ഡിപ്ലോമ വിദ്യാർത്ഥികളെ കൂടി ഇതിൽ ഉൾപ്പെടുത്തിയുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങുന്നത് പതിമൂന്നാം പഞ്ചവൽസര പദ്ധതിയോടനുബന്ധിച്ചാണ് (ജി.ഒ (എം.എസ്). 80/2017/തസ്വഭവ തിയതി 03.04.2017). എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17ൽ വാങ്ങിയ 14 ലാപ്ടോപ്പുകളിൽ 9 എണ്ണവും നൽകിയത് സാധാരണ ബിരുദ, ഡിപ്ലോമ (നഴ്സിംഗ്) വിദ്യാർത്ഥികൾക്കാണ്. ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി വാങ്ങൽ നടപടികൾ നടത്തിയിരുന്നുവെങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി വിതരണം നടത്തേണ്ടിവന്നത് ഒഴിവാക്കാനാകുമായിരുന്നു. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 13.02.17- ലെ സ.ഉ (സാധാ) 397/17 പ്രകാരം 01.02.17-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നടപടിക്കുറിപ്പ് 2-21, 2-23, 2-24 പ്രകാരം ഐ.ടി മിഷൻ നിശ്ചയിച്ച സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങേണ്ടതെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് അല്ല വാങ്ങിയിട്ടുള്ളത്. ലാപ് ടോപ്പ് സപ്ലൈ ചെയ്യുന്നതിനായി ടെൻഡർ ക്ഷണിക്കാതെ കെൽട്രോണിൽ നിന്നാണ് വാങ്ങിയത്. കെൽട്രോൺ നിർമ്മാണം നടത്താതെ വിതരണം മാത്രം നടത്തുന്ന ACER ബ്രാൻഡ് ലാപ്ടോപ്പുകൾ നേരിട്ടോ അംഗീകൃത ഡീലറിൽ നിന്നോ നേരിട്ട് വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിൽ മത്സരസ്വഭാവമുള്ള കൂടുതൽ ടെൻഡർ ലഭിക്കുന്നതിനും താരതമ്യേന കുറഞ്ഞ വിലയ്ക്ക് ലാപ് ടോപ്പ് ലഭിക്കുന്നതിനും ഇടയാക്കുമായിരുന്നു. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 13.02.17- ലെ സ.ഉ (സാധാ) 397/17 പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ലാപ് ടോപ്പിന് 5 വർഷ വാറണ്ടി ലഭിക്കേണ്ടതാണ്. എന്നാൽ കെൽട്രോണുമായി പഞ്ചായത്തു വച്ച കരാറിൽ ഒരു വർഷ വാറണ്ടി മാത്രമാണ് ഓഫർ ചെയ്തിട്ടുള്ളത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് ഉറപ്പുവരുത്തേണ്ടതാണ്.

## 3-14 പാലിയേറ്റീവ് കെയർ (Project no-69/17)- അപാകങ്ങൾ

(ബിൽ നം. – 05/16-17 Rs. 193316, c/o 16.03.17 & 06/16-17, Rs.100520 c/o 27.03.17)

പാലിയേറ്റീവ് പരിചരണത്തിനായി മരുന്നുകൾ, വാട്ടർ ബെഡ്, ഹോംകെയർ കിറ്റ് എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 12.01.17ലെ PRF 1440, 03.02.17 ലെ PRF 2070, PRF-2072, 14/02/17ലെ PRF-2507എന്നീ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 25,000/-രൂപ, 136400/-രൂപ, 29376/-രൂപ,

35000/-രൂപ എന്നിങ്ങനെ ആകെ 225776/-രൂപ അക്കൌണ്ട് ട്രാൻസ്ഫർ വഴി KMSCL ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീതി നൽകുകയോ മരുന്നുകളും ഉപകരണങ്ങളും സ്ഥാപനത്തിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അഡ്വാൻസ് നൽകിയ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

*മറ്റ് അപാകങ്ങൾ*

1. പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി ടീം ഹോംകെയർ നടത്തുന്ന ദിവസങ്ങളും പാലിയേറ്റീവ് നഴ്സ് നേരിട്ട് ഭവനസന്ദർശനം നടത്തുന്ന ദിവസങ്ങളും പ്രത്യേകമായി പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വാഹനവാടക അനുവദിക്കേണ്ട ദിവസങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.
2. 2016-17 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കിൽ ആദ്യമാസങ്ങളിലെ ഹോംകെയർ വിവരങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഹോംകെയർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടീമംഗങ്ങളുടെ എണ്ണവും വൗച്ചറിലെ എണ്ണവും പല ദിവസങ്ങളിലും വ്യത്യസ്തമാണ്.
3. പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ട് ബുക്കിലും ഹോട്ടൽ ബിൽ, വാഹനവാടക എന്നിവ അനുവദിക്കുന്ന വൗച്ചറിലും വ്യത്യസ്ത തിയതികളാണ് ഹോംകെയർ നടന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 3-15 മരുന്നു വാങ്ങൽ -ബാലൻസ് മരുന്നുകൾ ലഭിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം-73/2017) എന്ന പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 02.02.2017 ലെ PRF -1977 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1,25,000/- രൂപ അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള മരുന്നുകൾ സ്ഥാപനത്തിന് നാളിതുവരെ ലഭ്യമായിട്ടില്ല. അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | തുക | ഡി.ഡി നം. & തിയതി |
|---|---|---|---|
| 01 | KMSCL | 1,25,000 (തനത്ഫണ്ട്) | ഡി.ഡി. നം. 5040293, തീയതി. 24.03.2017 |

പദ്ധതിയിൽ സ്ഥാപനത്തിന് ലഭിക്കുവാനുള്ള 125000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് നൽകിയ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ പ്രോജക്ടിൽ ആകെ ചെലവായ 532028/- രൂപയിൽ മരുന്ന് കിട്ടിയത് 363558/- രൂപയ്ക്ക് മാത്രമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ് വിവരം | ലഭ്യമായ മരുന്നു വിവരം<br>(ഔഷധി,തൃശ്ശൂർ) | മരുന്ന് വില |
|---|---|---|---|
| S0072/17 | 1)ബില്ല് നമ്പർ. 1/16-17/20-12-16 399000/-രൂപ<br>2)ചെക്ക് നമ്പർ. 257469/16-03-17 133028/-രൂപ | 1)ഇൻവോയ്സ് നം. 1728/30-01-17<br>2)ഇൻവോയ്സ് നം. 2411/17-03-17<br>3)ഇൻവോയ്സ് നം. 90020373/06-06-17<br>4)ഇൻവോയ്സ് നം. 90020523/07-06-17 | 149587/-<br>104074/-<br>59029/-<br>50868/- |

| | | | |
|---|---|---|---|
| ആകെ | 532028/- | | 363558 |

ആയതിനാൽ ലഭിക്കാത്ത മരുന്നുകളുടെ വിലയായ 168470/-രൂപ (532028-363558) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 തൊഴിൽ രഹിതവേതനം 35വയസ്സ് കഴിഞ്ഞും നൽകി

തൊഴിൽരഹിതവേതനം 35 വയസ് കഴിഞ്ഞും നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

| പേര്, മേൽവിലാസം, റോൾ നമ്പർ | ജനന തീയതി, അവസാനത്തെ ഗഡു (എന്നുവരെ കൊടുക്കാം) | അധികം കൊടുത്ത ഗഡുക്കൾ, (ഗഡുക്കളുടെ എണ്ണം) | അധികം കൊടുത്ത തുക, തീയതി |
|---|---|---|---|
| രമ്യാമോൾ പി.ആർ, പുത്തൻവെളിയിൽ, പള്ളിപ്പുറം. 1381 | 28-03-1981, 3/2016 | 4/16, 5/16, 6/16, 7/16. (4 എണ്ണം) | 480/- (4 x 120) 05-09-2016 |
| മായ. ടി. കെ, കാട്ടുകണ്ടത്തിൽ, പള്ളിപ്പുറം. 1400 | 15-05-1981, 5/2016 | 6/16, 7/16, 8/16, 9/16, 10/16, 11/16, 12/16. (7 എണ്ണം) | 840/- (7 x120) 28-03-2017 |
| മഞ്ജു. പി.എം., പുത്തൻപുരയ്ക്കൽ, കെ.ആർ.പുരം. 1402 | 16-02-1980, 2/2015 | 3/15 മുതൽ 1/16 വരെ (11 എണ്ണം) | 1320/- (11 x120) 02-09-2016 |

അധികം നൽകിയ ആകെ തുക 2640/- രൂപ തിരികെ പിടിക്കേണ്ടതും ടിയാളുകളുടെ രജിസ്ട്രേഷൻ കാൻസൽ ചെയ്യേണ്ടതുമാണ്.

## 3-18 വെറ്റില കൃഷി -- മാനദണ്ഡങ്ങൾ പാലിക്കാതെ വളം വിതരണംനടത്തി.

വെറ്റില കൃഷി (പ്രോജക്ട് നം 123/2017) പദ്ധതിയ്ക്കായി ചേർത്തല ഗ്രീൻലാൻഡ് നഴ്സറിയിൽ നിന്നും 2.5 മെട്രിക് ടൺ കുമ്മായവും പൂജാ അഗ്രി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2.5 മെട്രിക് ടൺ വേപ്പിൻ പിണ്ണാക്കും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി വികസന ഫണ്ടിൽ നിന്നും 49,137/- രൂപ (ബിൽനം 1212101164/ 4.3.2017) ചെലവഴിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 67 ആകെ ഗുണഭോക്താക്കൾക്കാണ് വളം വിതരണം ചെയ്തിട്ടുള്ളത്. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം പരിഗണിക്കാതെയാണ് ഗുണഭോക്താക്കൾക്ക് വളം നൽകിയിട്ടുള്ളത്. വിതരണ രജിസ്റ്ററിലെ ക്രമനമ്പർ 1 മുതൽ 33 വരെയുള്ളവർക്ക് 25 Kg വീതം കുമ്മായവും വേപ്പിൻ പിണ്ണാക്കും നൽകിയപ്പോൾ ക്രമനമ്പർ 34 മുതൽ 67 വരെയുള്ളവർക്ക് 50 Kg വീതം കുമ്മായവും വേപ്പിൻ പിണ്ണാക്കും നൽകിയിട്ടുണ്ട്. അതായത് ഗുണഭോക്താക്കൾ ഹാജരാക്കിയ കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ വളം വിതരണം നടത്തിയതുമൂലം കൂടുതൽ സ്ഥലമുള്ളവർക്ക് കുറഞ്ഞ അളവിലും കുറച്ച് സ്ഥലമുള്ളവർക്ക് കൂടുതൽ അളവിലും വളം ലഭിക്കുന്ന സാഹചര്യമുണ്ടായി . ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം | ലഭിച്ച വളത്തിന്റെ അളവ് |
|---|---|---|---|
| 1 | മജനൻ പി.ജി, പട്ടേക്കാട് നികർത്ത് | 40സെന്റ് | കുമ്മായം 25kg, വേപ്പിൻ പിണ്ണാക്ക് 25kg |
| 2 | പ്രിൻസ് എൻ. എസ്, നാലുതെങ്ങിൻതറ | 52 സെന്റ് | കുമ്മായം 25kg, വേപ്പിൻ പിണ്ണാക്ക് 25kg |
| 3 | രവീന്ദ്രൻ നായർ, പരിയാത്ത് | 30 സെന്റ് | കുമ്മായം 25kg, വേപ്പിൻ പിണ്ണാക്ക് 25kg |

| | | | |
|---|---|---|---|
| 4 | രാഘവൻ, മുരിങ്ങനേഴത്ത് | 10 സെന്റ് | കുമ്മായം 50kg, വേപ്പിൻ പിണ്ണാക്ക് 50kg |
| 5 | രാജപ്പൻ, കുവങ്ങാട്ട് | 5 സെന്റ് | കുമ്മായം 50kg, വേപ്പിൻ പിണ്ണാക്ക് 50kg |
| 6 | ചെല്ലപ്പൻ, ചെമ്പകപറമ്പ് നികർത്ത് | 5 സെന്റ് | കുമ്മായം 50kg, വേപ്പിൻ പിണ്ണാക്ക് 50kg |

ടി പദ്ധതി പ്രകാരമുള്ള അപേക്ഷകളും വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ ഹാജരാക്കിയ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണവും അവർക്ക് അനുവദിച്ച വളത്തിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതായത് കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കിയല്ല വളം വിതരണം ചെയ്തിട്ടുള്ളതെന്ന് മുകളിൽ കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും വ്യക്തമാണ്. അപേക്ഷകരുടെ അർഹതയും കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും പരിഗണിക്കാതെ യഥേഷ്ടം വളം വിതരണം നടത്തിയത് ശരിയല്ല. സർക്കാർ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ പദ്ധതിപ്പണം ശരിയായ രീതിയിൽ പ്രയോജനപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 3-19 വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ് നിർമ്മാണം – ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ റാമ്പ്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ (പ്രോജക്ട് നം. 19/2017) എന്ന സ്പിൽ ഓവർ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും തൻവർഷം 80,649 രൂപ (ബിൽ നം. 1/2016-17/ 22.7.2016) ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എം. ബുക്ക്, ബില്ല് എന്നിവയടങ്ങുന്ന ഫയൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോനയ്ക്ക് ലഭ്യമാക്കിയില്ല. റെക്കോർഡ് റൂം പരിശോധിച്ചതിൽ ടി ഫയൽ കണ്ടെത്താനായില്ലെന്നും ആയത് അടിയന്തിരമായി കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കാമെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. രേഖകളുടെ അഭാവത്തിൽ ടി പ്രവൃത്തിയ്ക്കായി ചെലവഴിച്ച 80,649/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ --- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് 8,29,800/- രൂപയുടെ പ്രോജക്ടുകൾ തയ്യാറാക്കുകയും ഇത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിന് ടി തുക ചേർത്തല ഇലക്ട്രിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഡിപ്പോസിറ്റ് പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം | തുക |
|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 11 | 218/2017 | 1,57,500 |
| 2 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 12 | 219/2017 | 3.38,970 |
| 3 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 13 | 220/2017 | 93,705 |
| 4 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 16 | 221/2017 | 1,00,005 |
| 5 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 17 | 222/2017 | 1,39,620 |
| | ആകെ | | 8,29,800 |

വൈദ്യുതി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയും തമ്മിൽ 19.6.2017ന് ഒപ്പുവെച്ച നമ്പർ രേഖപ്പെടുത്താത്ത കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.8.2018 ആണ്. വൈദ്യുതി ബോർഡിന് നൽകിയ 8,29,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി യഥാസമയം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും വൈദ്യുതി ബോർഡിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-21 IAY & PMAY വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തെ പി.എം.എ.വൈ വിഹിതം നൽകുന്നതിനായി 1,50,000/- രൂപ 10/03/2017 ൽ 26/16-17 നം ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് പട്ടണക്കാട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ 799011400000881 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് നൽകിയിരുന്നു.ഈ തുകയുടെ കൈപ്പറ്റ് വിവരങ്ങളും പഞ്ചായത്തിലെ എസ്.സി ഗുണഭോക്താക്കൾക്കായി തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.അതേ പോലെ ഐ.എ.വൈ പദ്ധതിക്കായി 1,00,000/- രൂപ 16/12/2016 ൽ 22/16-17 നം ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് 504062 നം. ഡി.ഡി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിരുന്നു.ഈ തുകയുടെ കൈപ്പറ്റ് വിവരങ്ങളും പഞ്ചായത്തിലെ എസ്.സി ഗുണഭോക്താക്കൾക്കായി തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല ഇവ ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. പഞ്ചായത്തിലെ 2011 മുതൽ 2014 വരെയുള്ള ജങ്കാർ ലേല കുടിശ്ശികയായി കോടതി, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം 228891/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ ഈ തുകയുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലുൾപ്പെടുത്തിയിട്ടില്ല.
2. രജിസ്റ്ററുകളും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ശീർഷകങ്ങളിലെ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.
3. ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ cheque issued but not presented for payment ശീർഷകത്തിൽ കാലാവധി കഴിഞ്ഞ 12.09.2014 ലെ 70861നമ്പർ ചെക്ക് പ്രകാരമുള്ള 13505/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ cheque deposited but not collected ശീർഷകത്തിൽ മൂന്ന് മാസ കാലാവധി കഴിഞ്ഞ 27/10/2016ലെ 1488/- രൂപയുടെ 54581 നമ്പർ ചെക്ക്, 09/01/17 ലെ 13510/- രൂപയുടെ 54616 നമ്പര് ചെക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. ജങ്കാർ ലേല ഇനങ്ങളിൽ കരാർ, ലേല നിബന്ധനകൾ എന്നിവ പ്രകാരം കരാറുകാരൻ വരുത്തുന്ന കുടിശ്ശിക തുകക്ക് മാർച്ച് 31 വരെ ബാധകമായ പിഴ പ്രത്യേകമായി കണക്കാക്കി ലഭിക്കാനുള്ള തുകകളിൽ ഉൾപ്പെടുത്തുന്നില്ല.

5. പ്രോപ്പർട്ടി ടാക്സ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളും ഡി.സി.ബി പത്രികയിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വ്യാപാരികളുടെ തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ, ലേലം ,വാടക എന്നിവയുടെ തൻവർഷ വരവ്, അഡ്വാൻസ് കളക്ഷൻ,കുടിശ്ശിക വിവരങ്ങൾ എന്നിവ രജിസ്റ്ററുകളിൽ കൃത്യമായി കളക്ഷൻ,കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടുത്തി അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
6. ധനകാര്യപത്രികയിലെ ആസ്തി വിവരങ്ങളും സചിത്ര സോഫ്റ്റവെയറുമായി ബന്ധപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ മുഴവൻ ആസ്തി വിവരങ്ങളും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. വാടക നിക്ഷേപമായി ലഭിച്ച 6596 (5000 + 1596) രൂപ വാടക നിക്ഷേപമായി കാണിക്കാതെ അഡ്വാൻസ് കളക്ഷൻ റവന്യൂ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250905 | പാലിയേറ്റീവ് കെയർ പദ്ധതിമിൽക്ക് ഇൻസന്റീവ് ഒ.ഡി.എഫ് | 97563 | 153342 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 478125 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 422628 | 55497 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 900000 | മിൽക്ക് ഇൻസന്റീവ് | 900000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 406290 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 406290 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 200000 | മിൽക്ക് ഇൻസന്റീവ് | 200000 | -- |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | – | 829800 | – | 829800 |
| വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ളകണക്ഷൻ | | 122000 | – | 122000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 747/2010/ LSGD/5.3.2010 | 15145500 | 6058200 | 3029100 | | 3029100 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 31-35 | 2003-04 | 1 | മരാമത്ത് വേലകൾ | 13.5.2015ൽ തീർപ്പാക്കി |
| 1999-00 | 41 | 2003-04 | 2 | ചെലവ് രേഖകൾ ഹാജരാക്കാത്തത് | 13.5.2015ൽ തീർപ്പാക്കി |

## **4-9.** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58423342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53207011 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 22500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 154028 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1801695 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-4 | 22500 | | പി. എം. ഷാജി, സെക്രട്ടറി<br>പി. സാബു, സെക്രട്ടറി |
| 3-2 | | 39294 | ഡി. ശിവദാസൻ, കൃഷി ഓഫീസർ |
| 3-3 | | 11000 | പി. എം. ഷാജി, സെക്രട്ടറി – 4000/-<br>കെ. വി. സതീശൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) -1000/-<br>പി. സാബു ,സെക്രട്ടറി - 6000/- |
| 3-4 | | 60439 | എലിസബത്ത്.സി. എക്സ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 17772 | |
| 3-6 | | 22883 | |
| 3-17 | | 2640 | കെ. വി സതീശൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) -1800/-<br>പി. സാബു, സെക്രട്ടറി - 840/- |
| ആകെ | 22500 | 154028 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 122000 | പി. സാബു, സെക്രട്ടറി |
| 3-14 | 225776 | ഡോ. അഞ്ജു. എം. എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-15 | 125000 | |
| 3-16 | 168470 | ഡോ. ശ്യാമ. എം, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-19 | 80649 | പി. എം. ഷാജി, സെക്രട്ടറി |
| 3-20 | 829800 | പി. സാബു, സെക്രട്ടറി |
| 3-21 | 250000 | പി. സാബു, സെക്രട്ടറി |
| ആകെ | 1801695 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 3-13 - 8185/- രൂപ, പി. സാബു ,സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡി. ശിവദാസൻ, കൃഷിഓഫീസർ | കൃഷി ഓഫീസർ, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | മാളവിക, പാണാവള്ളി പി.ഒ, ചേർത്തല |
| പി. എം. ഷാജി, സെക്രട്ടറി | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | പുന്നയ്ക്കൽ, പൂങ്കാവ്. പി. ഒ, ആലപ്പുഴ |
| കെ.വി സതീശൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | ജിതിൻ കോട്ടേജ്, കലവൂർ പി.ഒ, ആലപ്പുഴ |
| പി. സാബു, സെക്രട്ടറി | സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | വേഴക്കാട്ട്, CMC-8, ചേർത്തല പി.ഒ |
| എലിസബത്ത്.സി.എക്സ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | പുളിച്ചുമാക്കൽ, മുണ്ടംവേലി പി.ഒ, കൊച്ചി – 682507 |

| | | |
|---|---|---|
| ഡോ. അഞ്ജു. എം. എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചേന്നംപള്ളിപ്പുറം | C/o അഡ്വ. മംഗളദാസ്, അഞ്ജു ഭവൻ, ആർ. സി. സ്ട്രീറ്റ്, കല്ലുവിള, നെയ്യാറ്റിൻകര |
| ഡോ. ശ്യാമ. എം, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം) ചേന്നംപള്ളിപ്പുറം | ശ്രീശൈലം, കലവൂർ. പി.ഒ, ആലപ്പുഴ |

## 4-10 ഓഡിറ്റ് ഇംപാക്ട്

പെർമിറ്റിനായി അപേക്ഷ സമർപ്പിച്ച അപേക്ഷകളിൻമേൽ LSGD ഓവർസിയർ നടത്തിയ സൈറ്റ് പരിശോധനയിൽ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ് തന്നെ കെട്ടിട നിർമ്മാണം ആരംഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം ആരംഭിച്ചിതിനശേഷം പെർമിറ്റിന് അപേക്ഷസമർപ്പിക്കുമ്പോൾ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. എന്നാൽ കുറഞ്ഞ ഫീസ് മാത്രം വാങ്ങി നിർമ്മാണാനുവാദം നൽകിയത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഓഡിറ്റ് കാലയളവിൽ തന്നെ അപേക്ഷകരിൽ നിന്നും കുറവു വന്ന തുക ഈടാക്കിയിട്ടുണ്ട്.

## 4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11 തീയതി 20-01-12 |
| 2006-07 | എൽ .എഫ്..എ16-943/10 തീയതി 18-03-11/31-03-11 |
| 2007-08 | എൽ .എഫ്..എ16-944/10 തീയതി 18-03-11/31-03-11 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11 തീയതി 18-4-11/03-07-12 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11 തീയതി 18-4-11/03-07-12 |
| 2010-11 &11-12 | എൽ .എഫ്.എ.പി-9- 20/13 തീയതി18-02-13/26-06-13 |
| 2012-13 | എൽ .എഫ്.എ.പി-9- 140/13 തീയതി01-09-14 |
| 2013-14 | കെ.എസ്.എ. എ.എൽ.പി പി9-1570/15 തീയതി |
| 2014-15 | കെ.എസ്.എ. എ.എൽ.പി പി9- 817/2016തീയതി27-7-16 |
| 2015-16 | കെ.എസ്.എ. എ.എൽ.പി പി9- 306/16തീയതി08-12-16 |

.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

## അനുബന്ധം - I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എ.എൽ.പി/പി9-1016/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
0477-2252753,
ddhglfalpy@gmail.com

തീയതി: 28.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

KSA-ALP/P9-1016/17

Kerala State Audit Department,

District Audit Office, Alappuzha,
0477-2252753,
ddhglfalpy@gmail.com
Date: 28.07.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chennam Pallippuram Grama panchayat in Alappuzha district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chennam Pallippuram Grama panchayat for the year 2016-17 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
Alappuzha

## അനുബന്ധം - II

### ഗ്രാമപഞ്ചായത്ത് നടത്തിയ സർവ്വെ പ്രകാരം ലോഡ്ജ്, ഹോം സ്റ്റേ സൌകര്യം നൽകുന്നതായി കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരം.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ത്രേസ്യ വർക്കി | 16/121 | 67.90 ച. മീ |
| 2 | ഷീബ ബേബി | 161/131 | 55.86 ച. മീ |
| 3 | ജയനമ്മ, ചിറ്റേഴത്ത് | 16/122 | 42 ച. മീ |
| 4 | മാമച്ചൻ, ചിറ്റേഴത്ത് | 16/130 | |
| 5 | ത്രേസ്യാമ്മ, ചിറ്റേഴത്ത് | 16/130 | |
| 6 | ജോബി ജോസഫ്, ചിറ്റേഴത്ത് | 16/132 | |
| 7 | മുരളി | 3/501 | |
| 8 | ഷാജി, വിനവിഹാർ | 16/390 | |
| 9 | മോഹനചന്ദ്രൻ, കനകമംഗലം | 16/376 | 56.09 ച. മീ |
| 10 | സുകുമാരൻ, കോപ്പുഴ | 16/379 | |
| 11 | അപ്പുക്കുട്ടൻ നായർ, പാട്ടുപുറത്ത് | 16/330 | |
| 12 | പത്മകുമാർ, വൈഷ്ണവം | 15/343 | |
| 13 | ചന്ദ്രബോസ്, ചാത്തമംഗലത്ത് | 15/387 | |
| 14 | രാധാമണി, പുണർതം | 14/62 | |
| 15 | യശോധരൻ, വാലേഴത്ത് വെളി | 14/332 | 92 ച. മീ. |
| 16 | ഷീലമ്മ, കരോണ്ട്കടവ് | 15/295 | |
| 17 | ഗോപാലകൃഷ്ണപണിക്കർ | 14/498 | |
| 18 | ചാക്കോ | 13/355 | |
| 19 | തങ്കച്ചൻ ഏബ്രഹാം | 10/155 | |
| 20 | സന്തോഷ്, പഴയംപള്ളിവെളി | 15/571 | |
| 21 | കലേഷ്, ആദർശ്ഭവൻ | 15/242 | |
| 22 | കോപ്പായിക്കരി | 17/128 | |
| 23 | സരള, ചക്കനാട്ട് | 6/104 | 50 ച. മീ. |
| 24 | അപ്പച്ചൻ, പള്ളിപ്പറമ്പ് | 6/94 | |
| 25 | അന്നമ്മ, പൊന്നമ്മാക്കൽ | 10/ | |
| 26 | സതീശൻ, അരുൺവിഹാർ, ഡ്രീംലാൻഡ് ലോഡ്ജ് & ഹോസ്റ്റൽ | 10/ | |
| 27 | പുഷ്പരാജൻ, നട്ടുപറമ്പ് | 9 | |

| | | | |
|---|---|---|---|
| 28 | ബെന്നി, പെരുമ്പള്ളി | 16/ | |
| 29 | ജയ പെരുമ്പള്ളി | 16/ | |
| 30 | ആന്റണി, കുലാത്ത് | 6/ | |
| 31 | ജോബി, ചാത്തംപറമ്പ് | 16/ | |
| 32 | ലളിത, കുന്നേൽ | 16/ | |
| 33 | ബിജു. ചൈത്രം/ | 14/ | |
| 34 | നാരായണൻനായർ, കോട്ടേപറമ്പ് | 16/ | |
| 35 | സിന്ധു, പുത്തൻപറമ്പ് | 16/ | |
| 36 | ഉമയമ്മ, കാർത്തിക നിവാസ് | 14/ | |
| 37 | സുധർമ്മ | 16/ | ഒറ്റപ്പുന്ന |
| 38 | സഞ്ജീവൻ, കോപ്പായിക്കര | | |
| 39 | മനു, പുത്തൻവെളി | 7/ | |
| 40 | ഉദയകുമാർ, പുത്തൻവീട് | 16/ | |
| 41 | രത്നഗാർഡൻ | 3/500 | |

.
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ